## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 180 — 03-10-2011 -ൽ മറുപടിക്ക്.

### അനധികൃത മദ്യവിൽപ്പന

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി | | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) | |
| (എ) | അന്യ സംസ്ഥാനങ്ങളിൽ നിർമ്മിക്കുന്ന വിലകുറഞ്ഞ മദ്യം വിലകൂടിയ ബ്രാൻഡുകളുടെ സ്റ്റിക്കറുകൾ പതിച്ച് വർദ്ധിച്ച വിലയ്ക്ക് സംസ്ഥാനത്ത് വിൽക്കാൻ നടത്തുന്ന ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | (എ) യും (ബി) യും<br><br>അന്യ സംസ്ഥാനങ്ങളിൽ നിന്നും മദ്യം കടത്തിയതുമായി ബന്ധപ്പെട്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അന്യ സംസ്ഥാനങ്ങളിൽ നിന്നും മദ്യം കടത്തുന്നതിനായി ടൂറിസ്റ്റ് ബസ്സുകളും ട്രെയിനുകളും ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെടുകയും, അത്തരത്തിലുള്ള കേസുകൾ കണ്ടുപിടിച്ച് രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുമുണ്ട്. |
| (ബി) | ടൂറിസ്റ്റ് ബസ്സുകളും ട്രെയിനുകളും പലപ്പോഴും ഇതിനായി ഉപയോഗപ്പെടുത്തുന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| (സി) | ഇത്തരം മദ്യത്തിന്റെ ഉപയോഗം മാരകമായ പകർച്ച വ്യാധികൾക്ക് കാരണമാകുന്നു എന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിശോധിക്കുമോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഡി) | ഇത്തരം അനധികൃത മദ്യത്തിന്റെ വിൽപ്പനയും ഉപയോഗവും തടയാൻ സർക്കാർ ഇതിനകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഭാവിയിൽ എന്തൊക്കെ നടപടി സ്വീകരിക്കും; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | (ഡി) | അനധികൃത മദ്യക്കടത്ത് തടയുന്നതിനായി സംസ്ഥാനത്തെയും, അതിർത്തി പ്രദേശങ്ങളിലെയും എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരുടെ ടെലിഫോൺ നമ്പറുകൾ പരസ്പരം കൈമാറി 'കോമ്പിംഗ് ' രീതിയിലുള്ള വാഹന പരിശോധന നടന്നു വരുന്നു. കടൽ മാർഗ്ഗമുള്ള മദ്യക്കടത്ത് തടയുന്നതിന് കോസ്റ്റ് ഗാർഡിന്റെ സഹായം ലഭ്യമാക്കിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ